പതിനഞ്ചാം കേരള നിയമസഭ

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
(2023-2026)

നാൽപ്പത്തിയഞ്ചാമത് റിപ്പോർട്ട്

(2026 ഫെബ്രുവരി 4 -ാം തീയതി സഭയിൽ സമർപ്പിച്ചത്)

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2021-2023) യുടെ ഒൻപതാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

പതിനഞ്ചാം കേരള നിയമസഭ

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
(2023-2026)

നാൽപ്പത്തിയഞ്ചാമത് റിപ്പോർട്ട്

(2026 ഫെബ്രുവരി 4 -ാം തീയതി സഭയിൽ സമർപ്പിച്ചത്)

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2021-2023) യുടെ
ഒൻപതാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ
സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

ഉള്ളടക്കം

പേജ്

സമിതിയുടെ ഘടന –

അവതാരിക –

റിപ്പോർട്ട് –

അനുബന്ധം I (എസ്.ആർ.ഒ നമ്പർ 686/2024)

അനുബന്ധം II (എസ്.ആർ.ഒ നമ്പർ 687/2024)

അനുബന്ധം III ((എസ്.ആർ.ഒ നമ്പർ 688/2024)

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
(2023-2026)

ഘടന

<u>ചെയർപേഴ്സൺ:</u>

ശ്രീ. എം. എം. മണി, എം. എൽ. എ. ,

<u>അംഗങ്ങൾ</u>:

ശ്രീ. കെ. യു. ജനീഷ് കുമാർ, എം. എൽ. എ. ,

ശ്രീ. യു. എ. ലത്തീഫ്, എം. എൽ. എ. ,

ഡോ. മാത്യു കുഴൽനാടൻ, എം. എൽ. എ. ,

ശ്രീ. എം. മുകേഷ്, എം. എൽ. എ. ,

ശ്രീ. സി. സി. മുകുന്ദൻ, എം. എൽ. എ. ,

ശ്രീ. വി. കെ. പ്രശാന്ത്, എം. എൽ. എ. ,

ശ്രീ. സജീവ് ജോസഫ്, എം. എൽ. എ. ,

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം. എൽ. എ. ,

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ഡോ. എൻ. കൃഷ്ണ കുമാർ,സെക്രട്ടറി

ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷമി ജെ., അണ്ടർ സെക്രട്ടറി

അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി(2023-2026)യുടെ ചെയർപേഴ്സണായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ നാൽപ്പത്തിരണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2021-23)യുടെ ഒൻപതാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിൻ (2009-ലെ 10) കീഴിൽ പുറപ്പെടുവിച്ച 650/2019 (2019-ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി), 976/2019, 445/2020, 446/2020 എന്നീ എസ്.ആർ.ഒ. കളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ചുള്ള പതിനഞ്ചാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി(2021-2023)യുടെ ഒൻപതാമത് റിപ്പോർട്ട്, 2022 ജൂലൈ 14-ാം തീയതി സഭയിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ സമിതിയുടെ 27.08.2025 തീയതിയിലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച അന്തിമ മറുപടികളും ഉൾക്കൊള്ളിച്ച തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2026 ഫെബ്രുവരി മാസം 2-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എം. എം. മണി,
ചെയർപേഴ്സൺ,
സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.

തിരുവനന്തപുരം,
2026 ഫെബ്രുവരി 4.

റിപ്പോർട്ട്

2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിൻ (2009-ലെ 10) കീഴിൽ പുറപ്പെടുവിച്ച 650/2019 (2019-ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി), 976/2019, 445/2020, 446/2020 എന്നീ എസ്.ആർ.ഒ.-കളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ചുള്ള പതിനഞ്ചാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി(2021-2023)യുടെ ഒൻപതാമത് റിപ്പോർട്ട്, 14.07.2022-ന് സഭയിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിൽ 4 മുതൽ 53 വരെയുള്ള ഖണ്ഡികകളിലായി 49 ശിപാർശകളാണ് ഉണ്ടായിരുന്നത്. പ്രസ്തുത ശിപാർശകളിന്മേൽ കേരളീയ പ്രവാസികാര്യ (എ) വകുപ്പിൽ നിന്നും ലഭ്യമാക്കിയ നടപടി പത്രിക 27.08.2025 തീയതിയിലെ സമിതി യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച അന്തിമ മറുപടികളും ഉൾക്കൊള്ളിച്ച് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

സമിതി(2021-2023)യുടെ ഒൻപതാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാരിൽ നിന്ന് ലഭിച്ച മറുപടിയും

എസ്.ആർ.ഒ. നമ്പർ 650/2019

ശിപാർശ (ഖണ്ഡിക നം. 4)

പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ടുള്ള 02.09.2019-ലെ സ.ഉ.(കൈ) നം.12/2019/നോർക്ക എന്ന സർക്കാർ ഉത്തരവ് റദ്ദാക്കുന്നതിനും പകരം മുൻകാല പ്രാബല്യത്തോടെ ഒരു പുതിയ സർക്കാർ ഉത്തരവ് മുഖേന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുവാനും ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

24/12/2024 തീയതിയിലെ സ.ഉ.(കൈ) നം.5/2024/നോർക്ക പ്രകാരം ഡിവിഡന്റ് പദ്ധതിയുടെ നിലവിലെ മാർഗ്ഗനിർദ്ദേശങ്ങൾ ഭേദഗതി ചെയ്ത് പുതുക്കിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നം. 5)

വിജ്ഞാപനത്തിലെ എസ്.ആർ.ഒ.നം.650/2019 എന്നതിന് മുകളിലുള്ള '(അനുബന്ധം)' എന്നതും വിജ്ഞാപനത്തിനൊപ്പമുള്ള അനുബന്ധവും ഒഴിവാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എസ്.ആർ.ഒ. നം.686/2024 വിജ്ഞാപനത്തിൽ 2(1) പ്രകാരം ഒഴിവാക്കിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നം. 6)

ആക്ടിലെ ഒരു വകുപ്പിന്റെ അധികാരത്താൽ പുറപ്പെടുവിക്കുന്ന ചട്ടങ്ങളും പദ്ധതിയും ഭാവിയിൽ 'സ.ഉ.(അച്ചടി)' ആയി പുറപ്പെടുവിക്കണമെന്ന് നിർദ്ദേശം നൽകണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി നിർദ്ദേശം ഭാവിയിൽ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾക്കും പദ്ധതികൾക്കും ബാധകമാകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക നം. 7)

ആക്ടിലെ വകുപ്പ് 2(എസ്)-ലെ നിർവ്വചന പ്രകാരം "പദ്ധതി" എന്നാൽ, ഈ ആക്ടിൻ കീഴിൽ ഉണ്ടാക്കപ്പെട്ട പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതിയാണെന്നും ഓർഡിനൻസിലെ വകുപ്പ് 2(എം.എ)-ൽ നിർവ്വചിച്ചിരിക്കുന്ന പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി ഈ ആക്ടിലെ മറ്റൊരു പദ്ധതിയായതിനാൽ, ആക്ടിലെ വകുപ്പ് 5 പ്രകാരം മുൻകാല പ്രാബല്യത്തോട്ടു കൂടിയോ അല്ലെങ്കിൽ പിൽക്കാല പ്രാബല്യത്തോട്ടു

കൂടിയോ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയിൽ ഭേദഗതി വരുത്തുവാൻ സാധിക്കാത്ത സാഹചര്യമാണെന്നും സമിതി വിലയിരുത്തി. രണ്ട് പദ്ധതിയും വ്യത്യസ്തമായതിനാൽ, പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയിലും ഭേദഗതി വരുത്താൻ സാധിക്കുന്നവിധത്തിൽ ആക്റ്റിലെ 5-ാം വകുപ്പ് ഭേദഗതി ചെയ്യണമെന്ന് ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

പ്രവാസി ഡിവിഡന്റ് പദ്ധതി ഭേദഗതി ചെയ്യുന്നതിനുള്ള വ്യവസ്ഥ 2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ആക്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (8 എ വകുപ്പിന്റെ ഭേദഗതി)

<u>ശിപാർശ (ഖണ്ഡിക നം. 8)</u>

സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന അന്നോ അല്ലെങ്കിൽ അതിന് തൊട്ടടുത്ത ദിവസം തന്നെയോ ഗസറ്റ് വിജ്ഞാപനം ചെയ്യണമെന്ന് ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഭാവിയിൽ പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകൾക്ക് ബാധകമാകുന്നതാണ്.

<u>ശിപാർശ (ഖണ്ഡിക നം. 9)</u>

പദ്ധതിയിലെ പീഠികയിലെ മൂന്നാം വരിയിലെ 'ആക്ടിലെ' എന്നത് ആക്റ്റിലെ എന്നും '10-ാം ആക്ട്' എന്നത് '10-ാം ആക്റ്റ്' എന്നും ഖണ്ഡിക 2(1) (എ)-ലെ 'ആക്ട്' എന്നത് 'ആക്റ്റ്' എന്നും 'ക്ഷേമ ആക്ട്' എന്നത് 'ക്ഷേമ ആക്റ്റ്' എന്നും ഖണ്ഡിക 2(1)(സി)-ലെ 'ആക്ടിലെ' എന്നത് 'ആക്റ്റിലെ' എന്നും ഖണ്ഡിക 2(2)-ലെ രണ്ടാമത്തെയും മൂന്നാമത്തെയും വരികളിലെ 'ആക്ടിലും' എന്നത് 'ആക്റ്റിലും' എന്നും മാറ്റം വരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

എസ്.ആർ.ഒ. നം.688/2024 വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നം. 10)

ഡിവിഡന്റ് പദ്ധതി രൂപീകരിച്ചു കൊണ്ടുള്ള ഉത്തരവ് ഗസറ്റ് വിജ്ഞാപനം ചെയ്ത തീയതിയും പ്രസ്തുത പദ്ധതി പ്രാബല്യത്തിൽ വന്ന തീയതിയും ഒന്നായതിനാലും 16.12.2019-ലെ ഗസറ്റ് വിജ്ഞാപനത്തിൽ പദ്ധതിയ്ക്ക് മുൻകാല പ്രാബല്യമോ, പിൻകാല പ്രാബല്യമോ നൽകാത്ത സാഹചര്യത്തിലും ഡിവിഡന്റ് പദ്ധതി രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവിലെ ഖണ്ഡിക 1(2) ലെ 'ഇത് ഗസറ്റ് വിജ്ഞാപന പ്രകാരം സർക്കാർ നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്'. എന്നത് 'ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്' എന്നാക്കിയിരുന്നുവെങ്കിൽ 16.12.2019-ലെ ഗസറ്റ് വിജ്ഞാപനം (എസ്.ആർ.ഒ. നമ്പർ 976/2019) ഒഴിവാക്കാമായിരുന്നുവെന്ന് സമിതി വിലയിരുത്തി. അതിനാൽ ഭാവിയിൽ സർക്കാർ ഉത്തരവിന് പ്രാബല്യം നൽകുമ്പോൾ ഈ വിഷയം ശ്രദ്ധിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഭാവിയിൽ പാലിക്കുന്നതാണ്.

ശിപാർശ (ഖണ്ഡിക നം. 11)

ഖണ്ഡിക 2(1)(ബി)-ലെ "ഏജൻസി" എന്ന നിർവചനത്തിൽ വ്യക്തത വരുത്തുന്നതിനായി, പ്രസ്തുത നിർവ്വചനത്തിലെ 'കീഴിൽ' എന്ന വാക്കിനുശേഷം 'ബോർഡിൽ നിന്നും' എന്നീ വാക്കുകൾ കൂടി ചേർക്കണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എസ്.ആർ.ഒ. നം.686/2024 വിജ്ഞാപനത്തിൽ 2(2)(എ) പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നം. 12)

ഖണ്ഡിക 2(1) (ഡി)-ലെ ഗുണഭോക്താവിന്റെ നിർവ്വചനത്തിലെ ഒന്നാം വരിയിലെ 'ഒരംഗം' എന്നത് ഒഴിവാക്കണമെന്നും രണ്ടാം വരിയിലെ 'ആ അംഗമോ ആ' എന്നത്

'അംഗമോ' എന്നും മൂന്നാം വരിയിലെ ജീവിച്ചിരിക്കുന്ന 'ഭാര്യ/ഭർത്താവ് എന്ന്' എന്നത് 'ഭാര്യ/ഭർത്താവ് എന്നോ' എന്നും മാറ്റം വരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എസ്.ആർ.ഒ.നം.686/2024 വിജ്ഞാപനത്തിൽ 2(2) (ബി) പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നം. 13)

ഖണ്ഡിക 2(1)(ഇ)-ലെ "നിക്ഷേപം" എന്ന നിർവ്വചനത്തിന്റെ ഒന്നാം വരിയിലെ 'ഖണ്ഡം' 'ഉപഖണ്ഡ' എന്നിവ യഥാക്രമം 'ഖണ്ഡിക' 'ഉപഖണ്ഡിക' എന്ന് മാറ്റം വരുത്തണമെന്നും രണ്ടാം വരിയിലെ '/ഗുണഭോക്താവ്' എന്ന ചിഹ്നവും വാക്കും ഒഴിവാക്കണമെന്നും ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എസ്.ആർ.ഒ.നം. 686/2024 വിജ്ഞാപനത്തിൽ 2(2)(സി) പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നം. 14)

കൂടുതൽ നിക്ഷേപസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഡിവിഡന്റിന് കൂടുതൽ സുരക്ഷിതത്വം നൽകുന്നതിനും വേണ്ടി ഖണ്ഡിക 2(1)(എഫ്)-ലെ "ഡിവിഡന്റ് വരുമാനം" എന്ന നിർവചനത്തിന്റെ നാലാം വരിയിലെ 'ഏറ്റവും കുറഞ്ഞ' എന്നീ വാക്കുകൾ ഒഴിവാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എസ്.ആർ.ഒ. നം. 686/2024 വിജ്ഞാപനത്തിൽ (2(2)(ഡി)) പ്രകാരം ഒഴിവാക്കിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നം. 15)

ഖണ്ഡിക 2(2)-ലെ ആദ്യ വരിയിലെ 'പക്ഷെ' എന്ന വാക്ക് 'പക്ഷേ' എന്ന് മാറ്റം വരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എസ്.ആർ.ഒ. നം. 688/2024 വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നം. 16)

ഖണ്ഡിക 3-ന്റെ തലക്കെട്ടിലെ 'ബാധകമാകുമെന്ന്' എന്നത് 'ബാധകം' എന്ന് മാറ്റം വരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എസ്.ആർ.ഒ. നം. 688/2024 വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നം. 17)

പദ്ധതിയിൽ അംഗമാകുന്ന ആൾ പ്രവാസിയാണെന്ന് തെളിയിക്കുവാൻ എന്തൊക്കെ രേഖകളാണ് നിക്ഷേപ സമയത്ത് സമർപ്പിക്കേണ്ടതെന്ന് പദ്ധതിയിൽ വ്യവസ്ഥ ചെയ്യണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എസ്.ആർ.ഒ. നം. 686/2024 വിജ്ഞാപനത്തിൽ (2(3)(ബി)) പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നം. 18)

ഖണ്ഡിക 4(1)-ലെ ഒന്നാം വാക്യത്തിലെ 'ഏതൊരു പ്രവാസിക്കും' എന്നീ വാക്കുകൾ ഒഴിവാക്കിക്കൊണ്ടും 'അംഗവും/ഗുണഭോക്താവും' എന്നത് 'അംഗം' എന്ന് മാറ്റം വരുത്തിക്കൊണ്ടും, 'പ്രവാസിയോ അല്ലെങ്കിൽ തൊഴിൽ ഉടമകളോ/ സംരംഭകരോ ഏറ്റവും കുറഞ്ഞത് മൂന്ന് ലക്ഷം രൂപ ഒരു പ്രവാസിയുടെ പേരിൽ നിക്ഷേപിച്ചാൽ, ആ പ്രവാസി പദ്ധതിയിലെ അംഗം ആകുന്നതാണ് ' എന്ന് മാറ്റം വരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എസ്.ആർ.ഒ. നം. 686/2024 വിജ്ഞാപനത്തിൽ (2(4)(എ)) പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നം. 19)

ഖണ്ഡിക 4(1)-ലെ മൂന്നാം വരിയിലെ 'ഒരംഗത്തിന്/ഗുണഭോക്താവിന് ' എന്നത് ' ഒരംഗത്തിന് ' എന്ന് മാറ്റം വരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എസ്.ആർ.ഒ. നം. 686/2024 വിജ്ഞാപനത്തിൽ (2(4)(എ)) പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നം. 20)

പല തവണയായി അൻപത്തിയൊന്ന് ലക്ഷം രൂപ വരെ നിക്ഷേപം നടത്താൻ സാധിക്കുമെന്ന് വ്യക്തമായി ഖണ്ഡിക 4(1)-ൽ വ്യവസ്ഥ ചെയ്യണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എസ്.ആർ.ഒ. നം. 686/2024 വിജ്ഞാപനത്തിൽ (2(4)(എ)) പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നം. 21)

പദ്ധതിയിൽ അംഗമാകുന്നയാളിന്റെ വ്യക്തിവിവരവും തൊഴിൽ ഉടമകൾ/ സംരംഭകരുടെ വ്യക്തിവിവരവും ഗുണഭോക്താവ്, നോമിനി/അവകാശികൾ, നിക്ഷേപ തുക, തുക നിക്ഷേപിച്ച തീയതിയും നിക്ഷേപ രീതിയും (ചെക്ക്/ഡി.ഡി./ ഇ.പേയ്മെന്റ്), ഡിവിഡന്റ് ക്രെഡിറ്റ് ചെയ്യേണ്ട അക്കൗണ്ട് നമ്പർ, പ്രവാസി ആണെന്ന് തെളിയിക്കുന്നതിനായി ഹാജരാക്കിയ രേഖകൾ എന്നിവ രേഖപ്പെടുത്തുന്നതിനും ഫോട്ടോ പതിക്കുന്നതിനും അംഗത്വ നമ്പർ രേഖപ്പെടുത്തുന്നതിനുള്ള സ്ഥലവും ഉൾപ്പെടുത്തിക്കൊണ്ട് നിക്ഷേപം

നടത്തുന്നതിനുമുള്ള ഒരു ഫാറം പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തി. അതിനായി പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഫാറം പദ്ധതിയിൽ ചേർക്കണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എസ്.ആർ.ഒ. നം. 686/2024 വിജ്ഞാപനത്തിൽ നിക്ഷേപക അംഗത്വ ഫാറം ഉൾപ്പെടുത്തിയിട്ടുണ്ട് (ഫാറം നം. 1)

ശിപാർശ (ഖണ്ഡിക നം. 22)

ഗുണഭോക്താവ്/നോമിനി/അവകാശികൾ എന്നിവരെ മാറ്റേണ്ടി വരുന്ന ഒരു സാഹചര്യം സംജാതമാകുകയാണെങ്കിൽ പുതിയ ഗുണഭോക്താവ്/നോമിനി/ അവകാശികൾ എന്നിവരെ പദ്ധതിയിൽ ചേർക്കുന്നതിനായി ഒരു ഫാറം പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തി. അതിനായി പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഫാറം പദ്ധതിയിൽ ചേർക്കണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എസ്.ആർ.ഒ. നം. 686/2024 വിജ്ഞാപനത്തിൽ നോമിനി മാറ്റത്തിനുള്ള അപേക്ഷാ ഫാറം ഉൾപ്പെടുത്തിയിട്ടുണ്ട് (ഫാറം നം. 2)

ശിപാർശ (ഖണ്ഡിക നം. 23)

ആദ്യ മൂന്ന് വർഷക്കാലയളവിൽ ഡിവിഡന്റ് ലഭിക്കുന്നതല്ലെന്ന വ്യാഖ്യാനം ഉണ്ടാകുന്നതിനാൽ, ഖണ്ഡിക 4(3)-ലെ 'ലഭിക്കുന്നതല്ല' എന്നത് കൂടുതൽ വ്യക്തതയ്ക്കായി 'കൈമാറ്റം ചെയ്യുന്നതല്ല' എന്ന് മാറ്റം വരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എസ്.ആർ.ഒ. നം. 686/2024 വിജ്ഞാപനത്തിൽ (2(4)(ബി)) പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നം. 24)

കൂടുതൽ വ്യക്തതയ്ക്കായി ഖണ്ഡിക 5(1)-ലെ 'നിക്ഷേപ തീയതി മുതൽ' എന്നത് 'നിക്ഷേപം നടത്തി' എന്ന് മാറ്റം വരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എസ്.ആർ.ഒ. നം. 686/2024 വിജ്ഞാപനത്തിൽ (2(5)(എ)) പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നം. 25)

ഏജൻസി നൽകുന്ന വിഹിതവും സർക്കാർ വിഹിതവും കൂടി ചേർന്ന നിശ്ചിത നിരക്കിലാണ് ഡിവിഡന്റ് നൽകുന്നതെന്ന് വ്യക്തമാക്കുന്നതിനായി 'ലാഭവിഹിതം' എന്ന വാക്ക് ഒഴിവാക്കിക്കൊണ്ട് വകുപ്പ് 2(ജി.എ)-ലെ ഡിവിഡന്റിന്റെ നിർവചനത്തിൽ മാറ്റം വരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ആക്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (2-ാം വകുപ്പിനുള്ള ഭേദഗതി)

ശിപാർശ (ഖണ്ഡിക നം. 26)

ആർക്കൊക്കെ എപ്രകാരം ഡിവിഡന്റ് നൽകണമെന്ന് ഖണ്ഡിക 5(1), 5(2) എന്നിവയിൽ വ്യക്തമാണെന്നതിനാൽ, ഖണ്ഡിക 5(3)-ലെ ആദ്യ വാക്യത്തിലെ 'അംഗം/ഗുണഭോക്താവിന്റെ അല്ലെങ്കിൽ അയാളുടെ ഭാര്യ/ഭർത്താവിന്റെ മരണം ഏതാണോ അവസാനം സംഭവിക്കുന്നത്, അതോടുകൂടി' എന്നത് ഒഴിവാക്കണമെന്നും

'ഉപഖണ്ഡങ്ങളിൽ' എന്നത് 'ഉപഖണ്ഡികകളിൽ' എന്നാക്കണമെന്നും, 'അവസാനിപ്പിക്കേണ്ടതാണ്' എന്നത് 'അവസാനിച്ചതിനുശേഷം' എന്നാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എസ്.ആർ.ഒ. നം. 686/2024 വിജ്ഞാപനത്തിൽ (2(5)(ബി)) പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നം. 27)

'ബോർഡ് നിശ്ചയിച്ചിട്ടുള്ള രേഖകൾ' എന്നതിനുപകരം ഏതൊക്കെ രേഖകളാണ് സമർപ്പിക്കേണ്ടതെന്ന് പദ്ധതിയിൽ വ്യക്തമായി വ്യവസ്ഥ ചെയ്യണമെന്നും ഖണ്ഡിക 5(3) പ്രകാരമുള്ള തുക ലഭിക്കുന്നതിനായി, ഒരു അപേക്ഷാ ഫാറം പദ്ധതിയിൽ ചേർക്കണമെന്നും ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എസ്.ആർ.ഒ. നം. 686/2024-ൽ നിക്ഷേപം തിരികെ ലഭിക്കുന്നതിനുള്ള അപേക്ഷാഫാറം ഉൾപ്പെടുത്തിയിട്ടുണ്ട് (ഫാറം നമ്പർ -3)

ശിപാർശ (ഖണ്ഡിക നം. 28)

നിക്ഷേപ തുകയും അതിനോട് കൂടി ചേർക്കപ്പെട്ട ഡിവിഡന്റും നോമിനി/അവകാശികൾക്ക് എപ്പോൾ തിരികെ നൽകുമെന്ന് പദ്ധതിയിൽ വ്യക്തമായി വ്യവസ്ഥ ചെയ്യണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എസ്.ആർ.ഒ. നം. 686/2024 വിജ്ഞാപനത്തിൽ (2(5)(സി)) പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നം. 29)

ഖണ്ഡിക 5(3) പ്രകാരം, 'നിക്ഷേപം തിരികെ നൽകാൻ സാധിക്കാത്തപക്ഷം നിക്ഷേപതുക കൈവശം ഇരിക്കുന്ന ഏജൻസി നിക്ഷേപത്തിന് നൽകുന്ന തുക കൂടി പ്രസ്തുത നിക്ഷേപത്തോടൊപ്പം നോമിനി/അവകാശികൾക്ക് നൽകേണ്ടതാണ്.' പ്രസ്തുത വ്യവസ്ഥയിലെ 'നിക്ഷേപത്തിന് നൽകുന്ന തുക കൂടി പ്രസ്തുത നിക്ഷേപത്തോടൊപ്പം നോമിനി/അവകാശികൾക്ക് നൽകേണ്ടതാണ്.' എന്നതിൽ വ്യക്തത കുറവുണ്ടെന്ന് സമിതി വിലയിരുത്തി. അത് പരിഹരിക്കുന്നതിനായി, ഖണ്ഡിക 5(3)-ലെ പ്രസ്തുത ഭാഗത്തിന് കൂടുതൽ വ്യക്തത വരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എസ്.ആർ.ഒ. നം. 686/2024 വിജ്ഞാപനത്തിൽ 2(5)(സി) പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നം. 30)

ഖണ്ഡിക 6(1)-ലെ വ്യവസ്ഥ നടപ്പാക്കുന്നതിനായി, 'നിക്ഷേപം യാതൊരു വിധത്തിലുള്ള വായ്പകൾക്ക് ജാമ്യമായോ മറ്റ് വിധത്തിലുള്ള സെക്യൂരിറ്റിയായോ ഉപയോഗിക്കാൻ പാടില്ല' എന്ന് നിക്ഷേപ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തണമെന്നും അംഗം/ഗുണഭോക്താവിന് റവന്യൂ റിക്കവറി നടപടിയ്ക്ക് വിധേയനാകേണ്ടി വന്നാൽ ഈ പദ്ധതിയിലെ നിക്ഷേപത്തെ ജപ്തി നടപടികളിൽ നിന്നും ഒഴിവാക്കുവാൻ സാധിക്കുമോയെന്ന് ഒന്നുകൂടി വ്യക്തമായി പരിശോധിക്കണമെന്നും ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

1968-ലെ കേരള റവന്യൂ റിക്കവറി ആക്റ്റിലെ (1968-ലെ 15) വ്യവസ്ഥ പ്രകാരം സർക്കാരിനും, 71-ാം വകുപ്പ് പ്രകാരം പൊതുതാത്പര്യം മുൻനിർത്തി സർക്കാർ വിജ്ഞാപനം ചെയ്യപ്പെടുന്ന ഇതര സ്ഥാപനങ്ങൾക്കും കിട്ടാനുള്ള കുടിശ്ശിക തുകകൾ ഭൂമിയിന്മേലുള്ള കര കുടിശ്ശിക എന്ന നിലയ്ക്ക് ഈടാക്കി എടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. പ്രസ്തുത ആക്ടിന്റെ 9-ാം വകുപ്പ് പ്രകാരം ഏതെല്ലാം വകകൾ

അറ്റാച്ച്മെന്റിൽ നിന്നും ഒഴിവാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത വകുപ്പിന്റെ (എ) മുതൽ (ഇ) വരെ ഖണ്ഡങ്ങളിൽ പരാമർശിച്ചിരിക്കുന്നതിന് പുറമേ, സർക്കാർ കാലാകാലങ്ങളിൽ ഗസറ്റിൽ വിജ്ഞാപനം ചെയ്യപ്പെടുന്ന അങ്ങനെയുള്ള വകകൾ ഒഴിവാക്കുന്നതിനും ഖണ്ഡം (എഫ്)-ലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, 2019-ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി പ്രകാരം പദ്ധതിയിലെ ഒരംഗം/ ഗുണഭോക്താവ് ഡിവിഡന്റ് പദ്ധതിയിൽ നിക്ഷേപിക്കുന്ന തുക റവന്യൂ റിക്കവറി ആക്റ്റിന്റെ ജപ്തി നടപടികളിൽ നിന്നും ഒഴിവാക്കുന്നത് നിയമപരമായി നിലനിൽക്കുന്നതല്ലായെന്നും, അത് റവന്യൂ റിക്കവറി ആക്റ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ ഹനിക്കുന്നതാണെന്നും കാണുന്നതിനാൽ പ്രസ്തുത ശിപാർശ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

ശിപാർശ (ഖണ്ഡിക നം.31)

ഒരു നിശ്ചിത കാലയളവിന് ശേഷം (10/15/20 വർഷം) നിക്ഷേപം പിൻവലിക്കാൻ സാധിക്കുന്ന തരത്തിൽ പദ്ധതിയിൽ വ്യവസ്ഥ ചെയ്യണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഡിവിഡന്റ് പദ്ധതി അംഗത്തിനും അദ്ദേഹത്തിന്റെ കാലശേഷം ജീവിതപങ്കാളിക്കും ആജീവനാന്തം സുനിശ്ചിത വരുമാനം ലഭിക്കാനുദ്ദേശിച്ചാണ് 6(2)-ലെ വ്യവസ്ഥ ഉൾപ്പെടുത്തിയത്. അതിനാൽ നിശ്ചിത കാലയളവിന് ശേഷം ഡിവിഡന്റ് നിക്ഷേപം പിൻവലിക്കണമെന്ന വ്യവസ്ഥ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നിർവ്വാഹമില്ല.

ശിപാർശ (ഖണ്ഡിക നം. 32)

ഖണ്ഡിക 7(1)-ലെ രണ്ടാം വാചകമായ, 'ഇതിലേക്കായി ബോർഡിനുണ്ടാകുന്ന ഭരണപരമായ എല്ലാ ചെലവുകളും സർക്കാർ, വാർഷിക ഗ്രാന്റ് വഴി ബോർഡിന് നൽകേണ്ടതാണ്. ' എന്നത് ബോർഡിന്റെ ചുമതലകളിൽപ്പെടുന്നതല്ലെന്ന്

വിലയിരുത്തി. അതിനാൽ, 'ഇതിലേക്കായി' എന്ന വാക്ക് ഒഴിവാക്കി, 'ബോർഡിനുണ്ടാകുന്ന ഭരണപരമായ എല്ലാ ചെലവുകളും സർക്കാർ, വാർഷിക ഗ്രാന്റ് വഴി ബോർഡിന് നൽകേണ്ടതാണ് ' എന്നത് ഖണ്ഡിക 9-ലെ പൊതു വ്യവസ്ഥയിൽ ഉൾപ്പെടുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എസ്.ആർ.ഒ.നം.686/2024 വിജ്ഞാപനത്തിൽ (2(8)(ബി)(1)) പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നം. 33)

ഖണ്ഡിക 7(3), 7(4) എന്നിവയിലെ വ്യവസ്ഥ ഖണ്ഡിക 8-ലെ ഏജൻസികളുടെ പൊതു ചുമതലകളിൽ ഉൾപ്പെടുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എസ്.ആർ.ഒ. നം. 686/2024 വിജ്ഞാപനത്തിൽ (2(7)(സി) പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നം. 34)

ഖണ്ഡിക 7(5)-ലെ വ്യവസ്ഥ ബോർഡിന്റെ ചുമതലകളിൽപ്പെടാത്തതിനാൽ, പ്രസ്തുത വ്യവസ്ഥയിലെ ' ഇപ്രകാരം' എന്ന വാക്ക് ഒഴിവാക്കുന്നതിനും ' നിക്ഷേപം കൈമാറ്റം ചെയ്യപ്പെട്ട ഏജൻസിക്കോ അല്ലെങ്കിൽ നേരിട്ട് ബോർഡിനോ' എന്നത് 'ബോർഡിന് 'എന്നും മാറ്റം വരുത്തിക്കൊണ്ട് പ്രസ്തുത വ്യവസ്ഥ ഖണ്ഡിക 9-ലെ പൊതുവ്യവസ്ഥയിൽ ഉൾപ്പെടുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എസ്.ആർ.ഒ.നം.686/2024 വിജ്ഞാപനത്തിൽ (2(8)(ബി)(2)) പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട് .

ശിപാർശ (ഖണ്ഡിക നം. 35)

ആക്റ്റിൽ 'നിക്ഷേപം' എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നതിനാൽ, ഖണ്ഡിക 7(6)-ലെ രണ്ടാം വരിയിലെ 'ഫണ്ടിന് ' എന്നത് 'നിക്ഷേപത്തിന് ' എന്ന് മാറ്റം വരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എസ്.ആർ.ഒ.നം. 686/2024 വിജ്ഞാപനത്തിൽ (2(6)(സി)) പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നം. 36)

പ്രതിമാസ ഡിവിഡന്റ് അംഗം/ഗുണഭോക്താവിന് മാത്രമേ നൽകുവാൻ സാധിക്കു എന്നതിനാൽ ഖണ്ഡിക 7(7)-ലെ 'അല്ലെങ്കിൽ അതത് സംഗതിപോലെ അവരുടെ ഭാര്യ/ഭർത്താവിന്റെ' എന്നീ വാക്കുകൾ ഒഴിവാക്കിക്കൊണ്ട് 'ഏജൻസികളിൽ നിന്നും കൂടാതെ സർക്കാരിൽ നിന്നും ലഭിക്കുന്ന അനുവദനീയമായ പ്രതിമാസ ഡിവിഡന്റ്, അംഗം/ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് അപ്രകാരം ലഭ്യമാകുന്നതിന്റെ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബോർഡ് അടയ്ക്കേണ്ടതാണ് ' എന്ന് മാറ്റം വരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എസ്.ആർ.ഒ.നം. 686/2024 വിജ്ഞാപനത്തിൽ (2(6)(ഡി)) പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നം. 37)

പ്രതിമാസ ഡിവിഡന്റ് അംഗം/ഗുണഭോക്താവിന് മാത്രമേ നൽകുവാൻ സാധിക്കു എന്നതിനാൽ ഖണ്ഡിക 7(8)-ലെ 'അംഗം/ഗുണഭോക്താവ് അല്ലെങ്കിൽ, അതതു സംഗതിപോലെ, അവരുടെ ഭാര്യ/ഭർത്താവിന് ' എന്നത് 'അംഗം/ഗുണഭോക്താവിന് ' എന്ന് മാറ്റം വരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എസ്.ആർ.ഒ.നം. 686/2024 വിജ്ഞാപനത്തിൽ (2(6)(ഇ)) പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നം. 38)

ബോർഡിൽ നിന്നാണ് ഏജൻസി നിക്ഷേപം സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുന്നതിനായി ഖണ്ഡിക 8(1)-ലെ രണ്ടാം വരിയിലെ 'സ്വീകരിക്കുന്ന ഫണ്ടിന്റെ' എന്നത് 'ബോർഡിൽ നിന്നും സ്വീകരിക്കുന്ന നിക്ഷേപത്തിന്റെ' എന്ന് മാറ്റം വരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എസ്.ആർ.ഒ നം.686/2024 വിജ്ഞാപനത്തിൽ (2(7)(എ)) പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നം. 39)

ഖണ്ഡിക 8(2)-ലെ ഒന്നാം വരിയിലെ 'ധനകാര്യവർഷം' എന്നത് 'സാമ്പത്തിക വർഷം' എന്നും രണ്ടാം വരിയിലെ 'അവർക്കുള് ള' എന്നത് 'അവർക്കുള്ള' എന്നും മൂന്നാം വരിയിലെയും നാലാം വരിയിലെയും 'ബഡ്ജറ്റ്' എന്നത് 'ബജറ്റ്' എന്നും മൂന്നാം വരിയിലെ 'മാറ്റിവെയ്ക്കുവാൻ' എന്നത് 'മാറ്റിവയ്ക്കുവാൻ' എന്നും മാറ്റം വരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എസ്.ആർ.ഒ നം.686/2024 ((2(7))(ബി)) പ്രകാരം), 688/2024 എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നം. 40)

ഖണ്ഡിക 8(3)-ലെ ഒന്നാം വരിയിലെ 'ഖണ്ഡത്തിന്റെ' എന്നത് 'ഖണ്ഡികയുടെ' എന്നും രണ്ടാം വരിയിലെ 'ഉപഖണ്ഡ' എന്നത് 'ഉപഖണ്ഡിക' എന്നും ഖണ്ഡിക 8(4)-ലെ

ഒന്നാം വരിയിലെ 'സ്വീകരിക്കുന് ന' എന്നത് 'സ്വീകരിക്കുന്ന' എന്നും മാറ്റം വരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എസ്.ആർ.ഒ നം. 688/2024 വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നം. 41)

ഖണ്ഡിക 9(1)-ലെ 'പ്രസ്തുത പദ്ധതി തുടർന്നും ഉണ്ടായിരിക്കുന്നതും' എന്നതിനുശേഷം 'പ്രതിമാസ ഡിവിഡന്റ് നൽകുന്നതും' എന്നീ വാക്കുകൾ കൂടി ചേർക്കണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എസ്.ആർ.ഒ നം.686/2024 വിജ്ഞാപനത്തിൽ 2(8)(സി) പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നം. 42)

ഖണ്ഡിക 9(1)-ലെ '5-ാം ഖണ്ഡം' എന്നത് '5-ാം ഖണ്ഡിക' എന്നും '(3)-ാം ഉപഖണ്ഡ' എന്നത് '(3)-ാം ഉപഖണ്ഡിക' എന്നും മാറ്റം വരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എസ്.ആർ.ഒ നം.686/2024 വിജ്ഞാപനത്തിൽ 2(8)(സി) പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നം. 43)

കൂടുതൽ നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി ഖണ്ഡിക 9(2)-ലെ മൂന്നാം വരിയിലെ 'അയാൾക്ക് ദോഷകരമായ വിധത്തിൽ' എന്നീ വാക്കുകൾ ഒഴിവാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എസ്.ആർ.ഒ നം. 686/2024 വിജ്ഞാപനത്തിൽ (2(8)(ഡി)) പ്രകാരം ഒഴിവാക്കിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നം. 44)

പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയിൽ നിക്ഷേപിക്കുന്ന തുകയേയും ഡിവിഡന്റ് തുകയേയും വരുമാന നികുതിയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നം. 45)

കേരളത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി 51 ലക്ഷം രൂപയിൽ കൂടുതൽ നിക്ഷേപം നടത്താൻ തയ്യാറാകുന്ന പ്രവാസികൾക്കായി, സർക്കാർ വിഹിതം ഒഴിവാക്കി, ഏജൻസി വിഹിതം മാത്രം ഉൾപ്പെടുത്തിക്കൊണ്ട് പുതിയൊരു പദ്ധതി നടപ്പിലാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിലവിൽ പരിഗണനയിലില്ല.

ശിപാർശ (ഖണ്ഡിക നം. 46)

പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനായി, ദൃശ്യ-ശ്രവ്യ-അച്ചടി-സമൂഹ മാധ്യമങ്ങൾ വഴി വിദേശത്തും കേരളത്തിലും, പ്രസ്തുത ഡിവിഡന്റ് പദ്ധതിയെ കുറിച്ച് കൂടുതൽ പ്രചാരണം നടത്തണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രവാസി ഡിവിഡന്റ് പദ്ധതിയ്ക്ക് ദൃശ്യ-ശ്രവ്യ-അച്ചടി-സമൂഹ മാധ്യമങ്ങൾ വഴി വലിയതോതിൽ പ്രചാരണം നൽകിവരുന്നുണ്ട്.

എസ്.ആർ.ഒ നം. 976/2019

ശിപാർശ (ഖണ്ഡിക നം. 48)

എസ്.ആർ.ഒ നം.976/2019-ന്റെ രണ്ടാം വരിയിലെ '2-ാം ഉപഖണ്ഡിക' എന്നത് '(2)-ാം ഉപഖണ്ഡിക' എന്നും മൂന്നാം വരിയിലെ 'പ്രവാസി ഡിവിഡന്റ് പദ്ധതി' എന്നത് 'പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി' എന്നും മാറ്റം വരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എസ്.ആർ.ഒ നം.687/2024 വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ (ഖണ്ഡിക നം. 49)

2019-ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് നമ്പരും തീയതിയും എസ്.ആർ.ഒ നമ്പരും ഗസറ്റ് വിജ്ഞാപന നമ്പരും തീയതിയും ഏതാണെന്ന് എസ്.ആർ.ഒ നമ്പർ 976/2019-ൽ ഉൾപ്പെടുത്തേണ്ടതായിരുന്നുവെന്ന് സമിതി വിലയിരുത്തി. പ്രസ്തുത വിവരങ്ങൾ കൂടി ചേർത്ത് എസ്.ആർ.ഒ നമ്പർ 976/2019-ൽ മാറ്റം വരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എസ്.ആർ.ഒ നം.687/2024 വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

എസ്.ആർ.ഒ നം.445/2020, എസ്.ആർ.ഒ നം.446/2020

ശിപാർശ (ഖണ്ഡിക നം. 50)

മലയാളത്തിലുള്ള സർക്കാർ ഉത്തരവും അതിന്റെ ഇംഗ്ലീഷ് തർജ്ജമയും ഒറ്റ സർക്കാർ ഉത്തരവിൽ, ഒറ്റ എസ്.ആർ.ഒ. നമ്പരിൽ തന്നെ

പ്രസിദ്ധീകരിക്കേണ്ടതായിരുന്നുവെന്നും ഒരു കാര്യത്തിനായി രണ്ട് സർക്കാർ ഉത്തരവും രണ്ട് എസ്.ആർ.ഒ നമ്പരും ഉള്ളത് ക്രമപ്രകാരമല്ലെന്നും വിലയിരുത്തിയ സമിതി, രണ്ടാമത്തെ എസ്.ആർ.ഒ നമ്പർ 446/2020 റദ്ദാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എസ്.ആർ.ഒ നമ്പർ 445/2020, 446/2020 എന്നിവ പ്രകാരം വിജ്ഞാപനം ചെയ്ത, 12.05.2020-ൽ പുന:സംഘടിപ്പിച്ച കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ മൂന്ന് വർഷ കാലാവധി പൂർത്തിയായതിനെത്തുടർന്ന് 12.05.2023-ലെ എസ്.ആർ.ഒ നമ്പർ 576/2023 പ്രകാരം ബോർഡ് പുന:സംഘടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിൽ മലയാളത്തിലുള്ള സർക്കാർ ഉത്തരവും അതിന്റെ ഇംഗ്ലീഷ് തർജ്ജമയും ഒറ്റ സർക്കാർ ഉത്തരവിൽ ഒറ്റ എസ്.ആർ.ഒ നമ്പരിൽ തന്നെയാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

ശിപാർശ (ഖണ്ഡിക നം. 51)

ബോർഡിലെ ഡയറക്ടർമാരുടെ മൂന്ന് വർഷ കാലാവധി കണക്കാക്കുന്നത് ഏത് തീയതി അടിസ്ഥാനമാക്കിയാണെന്ന് ആക്റ്റിൽ വ്യക്തമല്ലാത്തതിനാൽ, ഡയറക്ടർമാരുടെ പേര് ഉൾപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് ഗസറ്റ് വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ മൂന്ന് വർഷക്കാലമായിരിക്കുമെന്ന് ആക്റ്റിൽ ഭേദഗതി വരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ആക്റ്റിൽ ഉൾപ്പെടിത്തിയിട്ടുണ്ട് (10-ാം വകുപ്പിന്റെ ഭേദഗതി).

ശിപാർശ (ഖണ്ഡിക നം. 52)

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് പുന:സംഘടിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഭാവിയിൽ ഗസറ്റ് വിജ്ഞാപനം ചെയ്യുമ്പോൾ, ഗസറ്റ് വിജ്ഞാപനം ചെയ്യുന്ന

തീയതി മുതൽ ബോർഡ് പ്രാബല്യത്തിൽ വരുന്ന വിധത്തിലായിരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ആക്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട് (10-ാം വകുപ്പിന്റെ ഭേദഗതി).

ശിപാർശ (ഖണ്ഡിക നം. 53)

ആക്റ്റിലെ വകുപ്പ് 10(1) പ്രകാരം, ഡയറക്ടർമാരെയാണ് ബോർഡിൽ നിയമിക്കേണ്ടതെന്ന് സമിതി നിരീക്ഷിച്ചു. അതിനാൽ ആറാം വരിയിലെ 'അംഗങ്ങളെ' എന്ന വാക്ക് 'ഡയറക്ടർമാരെ' എന്ന് മാറ്റം വരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള പ്രവാസി കേരളീയ ക്ഷേമബോർഡ് പുന:സംഘടിപ്പിച്ചുകൊണ്ടുള്ള 12.05.2023-ലെ എസ്.ആർ.ഒ. നമ്പർ 576/2023-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

[കേരളീയ പ്രവാസികാര്യ (എ) വകുപ്പിന്റെ 23.05.2025 തീയതിയിലെ എ 1/454/2021/നോർക്ക നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ 4 മുതൽ 46, 48, 49 മുതൽ 53 വരെയുള്ള ഖണ്ഡികകളിന്മേലുള്ള ശിപാർശകളുടെ മറുപടി സമിതിയുടെ 27.08.2025-ലെ യോഗം അംഗീകരിച്ചു.]

എം. എം. മണി,
ചെയർപേഴ്സൺ,
സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.

തിരുവനന്തപുരം,
2026 ഫെബ്രുവരി 2

©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 13 Vol. XIII	**തിരുവനന്തപുരം, ബുധൻ** Thiruvananthapuram, Wednesday	**2024 ആഗസ്റ്റ് 07** 07th August 2024 **1199 കർക്കടകം 23** 23rd Karkadakam 1199 **1946 ശ്രാവണം 16** 16th Sravana 1946	**നമ്പർ** No.	**2570**

കേരള സർക്കാർ

<u>കേരളീയ പ്രവാസികാര്യ (എ) വകുപ്പ്</u>

വിജ്ഞാപനം

സ.ഉ.(അച്ചടി)നം.1/2024/നോർക്ക. തീയതി, തിരുവനന്തപുരം, 2024 ആഗസ്റ്റ് 06

1199 കർക്കടകം 22

എസ്. ആർ. ഒ. നമ്പർ 686/2024

2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിലെ (2009-ലെ 10-ാം ആക്റ്റ്) 8 എ വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ, 2019 സെപ്റ്റംബർ 2-ാം തീയതിയിലെ സ.ഉ.(കൈ.)12/2019/നോർക്ക നമ്പരായി പുറപ്പെടുവിച്ചതും 2019 സെപ്റ്റംബർ 19-ാം തീയതിയിലെ 2187-ാം നമ്പർ കേരള

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 650/2019 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2019–ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി ഭേദഗതി ചെയ്യുന്നതിലേയ്ക്കായി താഴെപ്പറയും പ്രകാരം പദ്ധതി ഉണ്ടാക്കുന്നു, അതായത്:–

പദ്ധതി

1. ചുരുക്കപ്പേരും പ്രാരംഭവും.– (1) ഈ പദ്ധതിക്ക് 2024–ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് (ഭേദഗതി) പദ്ധതി എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. പദ്ധതിയുടെ ഭേദഗതി.– 2019–ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയിൽ,–

(1) വിജ്ഞാപനത്തിന്റെ ആരംഭ ഭാഗത്ത് "എസ്.ആർ.ഒ. നമ്പർ 650/2019" എന്ന് പരാമർശിച്ചിട്ടുള്ളതിന് മുകളിലായി രേഖപ്പെടുത്തിയിട്ടുള്ള "(അനുബന്ധം)" എന്നീ ചിഹ്നങ്ങളും വാക്കും, വിശദീകരണകുറിപ്പിനു ശേഷം ചേർത്തിട്ടുള്ള അനുബന്ധ ഉത്തരവും ഒഴിവാക്കേണ്ടതാണ്.

(2) 2–ാം ഖണ്ഡികയിലെ (1)–ാം ഉപഖണ്ഡികയിലെ,–

(എ) ഖണ്ഡം (ബി)–ലെ "കീഴിൽ" എന്ന വാക്കിനു ശേഷം "ബോർഡിൽ നിന്നും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) ഖണ്ഡം (ഡി)–ലെ "ഒരംഗം" എന്ന വാക്ക് ഒഴിവാക്കേണ്ടതും, "ആ അംഗമോ ആ" എന്നീ അക്ഷരങ്ങൾക്കും വാക്കിനും പകരം "അംഗമോ" എന്ന വാക്കും "ജീവിച്ചിരിക്കുന്ന ഭാര്യ/ഭർത്താവ് എന്ന്" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "ഭാര്യ/ഭർത്താവ് എന്നോ" എന്നീ വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്;

(സി) ഖണ്ഡം (ഇ)–ലെ "4–ാം ഖണ്ഡം (1)–ാം ഉപഖണ്ഡ" എന്നീ വാക്കുകൾക്കും അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും പകരം "4–ാം ഖണ്ഡികയിലെ (1)–ാം ഉപഖണ്ഡിക" എന്ന വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കേണ്ടതും, "/ഗുണഭോക്താവ്" എന്ന ചിഹ്നവും വാക്കും വിട്ടുകളയേണ്ടതുമാണ്;

(ഡി) ഖണ്ഡം (എഫ്)–ലെ "ഡിവിഡന്റ് വരുമാനം" എന്നീ വാക്കുകൾക്ക് പകരം "ഡിവിഡന്റ്" എന്ന വാക്ക് ചേർക്കേണ്ടതും, "ഏറ്റവും കുറഞ്ഞ" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3) 3–ാം ഖണ്ഡികയിലെ,–

(എ) നിലവിലുള്ള വ്യവസ്ഥ (1)–ാം ഉപഖണ്ഡികയായി അക്കമിടേണ്ടതാണ്;

(ബി) അപ്രകാരം അക്കമിട്ട (1)–ാം ഉപഖണ്ഡികയ്ക്കു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡികകൾ ചേർക്കേണ്ടതാണ്, അതായത്:–

"(2) ഓരോ പ്രവാസി കേരളീയനും (വിദേശം) ഓൺലൈൻ അപേക്ഷയോടൊപ്പം പാസ്പോർട്ടിന്റെയും, വിസയുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സമർപ്പിക്കേണ്ടതാണ്.

(3) തിരിച്ചുവന്ന/മുൻ പ്രവാസി കേരളീയൻ (വിദേശം) രജിസ്ട്രേഷനു വേണ്ടിയുള്ള അപേക്ഷയോടൊപ്പം മേൽപ്പറഞ്ഞ രേഖകൾക്ക് പുറമേ, അപേക്ഷകൻ രണ്ടു വർഷത്തിൽ കുറയാത്ത കാലയളവിൽ ഒരു പ്രവാസി കേരളീയൻ (വിദേശം) ആയിരുന്നുവെന്നും, തിരിച്ചുവന്ന് കേരളത്തിൽ സ്ഥിരതാമസമാക്കിയതാണെന്നും, ഇനി തിരിച്ചുപോകാൻ ഉദ്ദേശിക്കുന്നില്ലെന്നും കാണിക്കുന്ന ബന്ധപ്പെട്ട വില്ലേജ് ഓഫീസർ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ്/സെക്രട്ടറി, ഒരു ഗസറ്റഡ് ഓഫീസർ, നിയമസഭാ അംഗം, പാർലമെന്റ് അംഗം ഇവരിൽ ആരിൽ നിന്നെങ്കിലും ഒരു സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്:

എന്നാൽ, ഇപ്രകാരമുള്ള രേഖ ഹാജരാക്കാൻ കഴിയാത്തവർക്ക് ബോർഡ് ഇതിനായി നിശ്ചയിക്കുന്ന മറ്റേതെങ്കിലും രേഖ ഹാജരാക്കി രജിസ്ട്രേഷനുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(4) ഓരോ പ്രവാസി കേരളീയനും (ഭാരതം) ജനന തീയതി തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രവും അപേക്ഷകൻ കേരളത്തിനു പുറത്ത് ഇന്ത്യയിൽ തന്നെ ആറുമാസത്തിലധികമായി താമസിക്കുന്ന പ്രവാസി കേരളീയനാണ് എന്നതിന് തെളിവായി ബന്ധപ്പെട്ട സംസ്ഥാനത്തെ ബന്ധപ്പെട്ട വില്ലേജ് ഓഫീസർ, തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവി/ഒരു ഗസറ്റഡ് ഓഫീസർ, പാർലമെന്റ് അംഗം/നിയമസഭാ അംഗം ഇവരിൽ ആരെങ്കിലും സാക്ഷ്യപ്പെടുത്തിയ സാക്ഷ്യപത്രമോ, അല്ലെങ്കിൽ റേഷൻ കാർഡോ, അല്ലെങ്കിൽ ബോർഡ് ഇതിനായി നിശ്ചയിക്കുന്ന മറ്റേതെങ്കിലും രേഖയോ ഹാജരാക്കേണ്ടതാണ്.

(5) കേരളത്തിനു പുറത്ത് ഇന്ത്യയിൽ എവിടെയെങ്കിലും ജോലി ചെയ്യുകയാണെങ്കിൽ അതു സംബന്ധിച്ചും, ഏതെങ്കിലും വ്യവസായം/ബിസിനസ്സ്/

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സ്ഥാപനം നടത്തുകയാണെങ്കിൽ അതു സംബന്ധിച്ചും, സ്വയംതൊഴിൽ ചെയ്യുകയാണെങ്കിൽ അതു സംബന്ധിച്ചും അല്ലെങ്കിൽ ഏത് ആവശ്യത്തിനു വേണ്ടി താമസിക്കുന്നു എന്നത് സംബന്ധിച്ചും ബന്ധപ്പെട്ട സംസ്ഥാനത്തെ തൊഴിൽ ഉടമയിൽ നിന്നോ, സ്ഥാപന അധികാരിയിൽ നിന്നോ, ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നോ, തത്തുല്യ പദവിയിൽ കുറയാത്ത മറ്റേതെങ്കിലും അധികാരിയിൽ നിന്നോ, ഉള്ള ഒരു സാക്ഷ്യപത്രമോ അവ ഹാജരാക്കാൻ കഴിയില്ലായെങ്കിൽ ബോർഡ് ഇതിനായി നിശ്ചയിക്കുന്ന മറ്റേതെങ്കിലും രേഖകളോ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

(6) അപേക്ഷയോടൊപ്പം ആറുമാസത്തിനകം എടുത്ത അപേക്ഷകന്റെ ഒരു കളർ ഫോട്ടോയും പതിക്കേണ്ടതാണ്.

(7) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ സംബന്ധിച്ച് ബോർഡിന് അതിന്റെ തീരുമാന പ്രകാരം ഉചിതമായ മാറ്റങ്ങൾ വരുത്താവുന്നതാണ്.

(8) നിക്ഷേപകർക്കായുള്ള അംഗത്വത്തിനുള്ള അപേക്ഷ ഫാറം നമ്പർ 1-ഉം നോമിനി മാറ്റത്തിനായുള്ള അപേക്ഷ ഫാറം നമ്പർ 2-ഉം പ്രകാരമായിരിക്കേണ്ടതാണ്. പ്രസ്തുത ഫാറങ്ങൾ കാലാനുസൃതമായി മാറ്റം വരുത്തുന്നതിന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.".

(4) 4-ാം ഖണ്ഡികയിലെ,-

(എ) (1)-ാം ഉപഖണ്ഡികയ്ക്ക് പകരം താഴെപ്പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതാണ്, അതായത്:-

"(1) ഒരു പ്രവാസിക്ക് ഏറ്റവും കുറഞ്ഞത് മൂന്ന് ലക്ഷം രൂപ നിക്ഷേപിച്ചുകൊണ്ട് പദ്ധതിയിൽ അംഗം ആകാവുന്നതാണ്. പ്രവാസിയോ അല്ലെങ്കിൽ തൊഴിൽ ഉടമകളോ/സംരംഭകരോ ഏറ്റവും കുറഞ്ഞത് മൂന്ന് ലക്ഷം രൂപ ഒരു പ്രവാസിയുടെ പേരിൽ നിക്ഷേപിച്ചാൽ, ആ പ്രവാസി പദ്ധതിയിൽ അംഗമാകുന്നതാണ്. ഒരു അംഗത്തിന് ഒറ്റ തവണയായോ അല്ലെങ്കിൽ പല തവണകളായോ ലക്ഷങ്ങളുടെ ഗുണിതങ്ങളായി പരമാവധി അൻപത്തിയൊന്ന് ലക്ഷം രൂപ വരെ നിക്ഷേപം നടത്താവുന്നതാണ്.".

(ബി) (3)-ാം ഉപഖണ്ഡികയിലെ "ലഭിക്കുന്നതല്ല" എന്ന വാക്കിനു പകരം "കൈമാറ്റം ചെയ്യുന്നതല്ല" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(5) 5-ാം ഖണ്ഡികയിലെ,-

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(എ) (1)–ാം ഉപഖണ്ഡികയിലെ "നിക്ഷേപ തീയതി മുതൽ" എന്നീ വാക്കുകൾക്ക് പകരം "നിക്ഷേപം നടത്തി" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (3)–ാം ഉപഖണ്ഡികയിലെ "അംഗം/ഗുണഭോക്താവിന്റെ അല്ലെങ്കിൽ അയാളുടെ ഭാര്യ/ഭർത്താവിന്റെ മരണം ഏതാണോ അവസാനം സംഭവിക്കുന്നത്, അതോടുകൂടി (1)–ഉം (2)–ഉം ഉപഖണ്ഡങ്ങളിൽ പറയുന്ന പ്രതിമാസ ഡിവിഡന്റ് വിതരണം അവസാനിപ്പിക്കേണ്ടതാണ്. നോമിനി/അവകാശികൾ ബോർഡ് നിശ്ചയിച്ചിട്ടുള്ള രേഖകൾ" എന്നീ വാക്കുകൾക്കും ചിഹ്നങ്ങൾക്കും അക്കങ്ങൾക്കും പകരം "(1)–ഉം (2)–ഉം ഉപഖണ്ഡികകളിൽ പറയുന്ന പ്രതിമാസ ഡിവിഡന്റ് വിതരണം അവസാനിച്ചതിനുശേഷം, നോമിനി/അവകാശികൾ ഫാറം നമ്പർ 3–ലെ അപേക്ഷ, മരണ സർട്ടിഫിക്കറ്റ് എന്നിവ" എന്നീ ചിഹ്നങ്ങളും അക്കങ്ങളും വാക്കുകളും ചേർക്കേണ്ടതാണ്;

(സി) (3)–ാം ഉപഖണ്ഡികയ്ക്കു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡികകൾ ചേർക്കേണ്ടതാണ്, അതായത്:–

"(4) നിക്ഷേപം നടത്തി മൂന്നു വർഷത്തിനുള്ളിൽ അംഗവും അയാളുടെ ഭാര്യ/ഭർത്താവും മരണപ്പെട്ടാൽ മരണപ്പെടുന്ന തീയതി വരെ നിക്ഷേപകന്റെ അക്കൗണ്ടിലുള്ള നിക്ഷേപത്തുകയും അതിനോട് കൂട്ടിചേർക്കപ്പെട്ട ഡിവിഡന്റും ഉൾപ്പെടുന്ന തുക നോമിനിയ്ക്ക് 5–ാം ഖണ്ഡിക (3)–ാം ഉപഖണ്ഡികയിലെ വ്യവസ്ഥകൾ പ്രകാരം തിരികെ നൽകുന്നതാണ്.

(5) ഫാറം 3–ലെ അപേക്ഷയിലും അതോടൊപ്പം സമർപ്പിക്കേണ്ട രേഖകളിലും കാലാനുസൃതമായി മാറ്റം വരുത്തുന്നതിന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.".

(6) 7–ാം ഖണ്ഡികയിലെ,–

(എ) (1)–ാം ഉപഖണ്ഡികയിലെ "ഇതിലേക്കായി ബോർഡിനുണ്ടാകുന്ന ഭരണപരമായ എല്ലാ ചെലവുകളും സർക്കാർ, വാർഷിക ഗ്രാന്റ് വഴി ബോർഡിന് നൽകേണ്ടതാണ്." എന്ന വാക്കുകളും ചിഹ്നങ്ങളും ഒഴിവാക്കേണ്ടതാണ്.

(ബി) (3)–ഉം (4)–ഉം (5)–ഉം ഉപഖണ്ഡികകൾ വിട്ടുകളയേണ്ടതാണ്.

(സി) (6)–ാം ഉപഖണ്ഡികയിലെ "ഫണ്ടിന്" എന്ന വാക്കിനു പകരം "നിക്ഷേപത്തിന്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ഡി) (7)–ാം ഉപഖണ്ഡികയ്ക്ക് പകരം താഴെപ്പറയുന്ന ഉപഖണ്ഡിക ചേർക്കേണ്ടതാണ്, അതായത്:–

"(7) ഏജൻസികളിൽ നിന്നും, കൂടാതെ, സർക്കാരിൽ നിന്നും ലഭിക്കുന്ന അനുവദനീയമായ പ്രതിമാസ ഡിവിഡന്റ്, അംഗം/ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് അപ്രകാരം ലഭ്യമാകുന്നതിന്റെ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബോർഡ് അടയ്ക്കേണ്ടതാണ്.".

(ഇ) (8)–ാം ഉപഖണ്ഡികയിലെ "അംഗം/ഗുണഭോക്താവ് അല്ലെങ്കിൽ, അതതുസംഗതിപോലെ, അവരുടെ ഭാര്യ/ഭർത്താവിന്" എന്നീ വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "അംഗം/ഗുണഭോക്താവിന്" എന്നീ വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്.

(7) 8–ാം ഖണ്ഡികയിലെ,–

(എ) (1)–ാം ഉപഖണ്ഡികയിൽ "സ്വീകരിക്കുന്ന ഫണ്ടിന്റെ" എന്നീ വാക്കുകൾക്ക് പകരം "ബോർഡിൽ നിന്നും സ്വീകരിക്കുന്ന നിക്ഷപത്തിന്റെ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ബി) (2)–ാം ഉപഖണ്ഡികയിലെ "ധനകാര്യവർഷം" എന്ന വാക്കിനു പകരം "സാമ്പത്തിക വർഷം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(സി) (4)–ാം ഉപഖണ്ഡികയ്ക്കു ശേഷം ചുവടെപ്പറയുന്ന ഉപഖണ്ഡികകൾ ചേർക്കേണ്ടതാണ്, അതായത്:–

"(5) 7–ാം ഖണ്ഡികയിലെ (2)–ാം ഉപഖണ്ഡിക പ്രകാരം ബോർഡിൽ നിന്നും നിക്ഷേപം കൈമാറ്റം ചെയ്ത് കിട്ടിയ ഏജൻസികൾ, ഈ പദ്ധതി പ്രകാരം കൈമാറിയിട്ടുള്ള നിക്ഷേപത്തിന്റെ ഡിവിഡന്റ്, പ്രതിമാസം ബോർഡിന് നൽകേണ്ടതാണ്. നിക്ഷേപം കൈമാറിയ തീയതി മുതൽ ആദ്യ മൂന്നു വർഷ കാലയളവിലുള്ള ഡിവിഡന്റ് പ്രസ്തുത മൂന്ന് വർഷം പൂർത്തിയാകുന്നതു വരെ ഓരോ വർഷവും നിക്ഷേപത്തിൽ മുതൽക്കൂട്ടേണ്ടതും പ്രസ്തുത മൂന്ന് വർഷങ്ങൾക്കു ശേഷം ക്രെഡിറ്റിലുള്ള ആകെ തുകയുടെ പത്ത് ശതമാനം വാർഷിക നിരക്കിലുള്ള ഡിവിഡന്റ് അംഗം/ഗുണഭോക്താവിന് പ്രതിമാസം നൽകാൻ കഴിയുന്ന വിധത്തിൽ ആയത് ബോർഡിനു നൽകേണ്ടതുമാണ്.

(6) അംഗം/ഗുണഭോക്താവിന് കാലാകാലങ്ങളിൽ പദ്ധതി പ്രകാരം ഉറപ്പുനൽകിയ നിരക്കിൽ ഡിവിഡന്റ് വരുമാനം ബോർഡിൽ അടയ്ക്കുവാൻ നിക്ഷേപം കൈമാറ്റം

ചെയ്യപ്പെട്ടിട്ടുള്ള ഏജൻസികൾക്ക് കഴിയാതെ വരുന്നപക്ഷം പ്രസ്തുത വിവരം മുൻകൂട്ടി സർക്കാരിനെയും ബോർഡിനെയും രേഖാമൂലം അറിയിക്കേണ്ടതാണ്.".

(8) 9–ാം ഖണ്ഡികയിലെ,–

(എ) നിലവിലെ (1)–ഉം (2)–ഉം (3)–ഉം ഉപഖണ്ഡികകൾ യഥാക്രമം (3)–ഉം (4)–ഉം (5)–ഉം ഉപഖണ്ഡികകളായി പുനരക്കം ചെയ്യേണ്ടതാണ്.

(ബി) (1)–ഉം (2)–ഉം ഉപഖണ്ഡികകളായി താഴെപ്പറയുന്ന ഉപഖണ്ഡികകൾ ചേർക്കേണ്ടതാണ്, അതായത്:–

"(1) ബോർഡിനുണ്ടാകുന്ന ഭരണപരമായ എല്ലാ ചെലവുകളും സർക്കാർ, വാർഷിക ഗ്രാന്റ് വഴി ബോർഡിന് നൽകേണ്ടതാണ്.

(2) 8–ാം ഖണ്ഡിക (6)–ാം ഉപഖണ്ഡിക പ്രകാരം, ഡിവിഡന്റ് വരുമാനത്തിൽ ഉണ്ടായേക്കാവുന്ന അത്തരം കുറവ് സർക്കാർ, ബോർഡിന് നൽകേണ്ടതാണ്.".

(സി) പുനരക്കം ചെയ്ത (3)–ാം ഉപഖണ്ഡികയിലെ ക്ലിപ്തനിബന്ധനയിലെ "പ്രസ്തുത പദ്ധതി തുടർന്നും ഉണ്ടായിരിക്കുന്നതും" എന്നീ വാക്കുകൾക്ക് ശേഷം "പ്രതിമാസ ഡിവിഡന്റ് നൽകുന്നതും" എന്നീ വാക്കുകൾ ചേർക്കേണ്ടതും, "5–ാം ഖണ്ഡം (3)–ാം ഉപഖണ്ഡ" എന്നീ വാക്കുകൾക്കും അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും പകരം "5–ാം ഖണ്ഡിക (3)–ാം ഉപഖണ്ഡിക" എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കേണ്ടതുമാണ്.

(ഡി) പുനരക്കം ചെയ്ത (4)–ാം ഉപഖണ്ഡികയിലെ "അയാൾക്ക് ദോഷകരമായ വിധത്തിൽ" എന്നീ വാക്കുകൾ ഒഴിവാക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2019-ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി

ഫാറം നമ്പർ 1
(ഖണ്ഡിക 3(8) കാണുക)
നിക്ഷേപക അംഗത്വ ഫാറം

ഒരു കളർ ഫോട്ടോ പതിക്കുക
(3.5 cm x 3.5 cm)

1. പേര് :
2. കേരളത്തിലെ വിലാസം :
3. പ്രവാസി കേരളീയരുടെ ക്ഷേമ നിധി അംഗത്വ നമ്പർ :
4. ഫോൺ നമ്പർ, ഇമെയിൽ :
5. തൊഴിൽ ഉടമ/സംരംഭകരുടെ പേരും (*), വിലാസവും :
6. നോമിനിയുടെ പേരും വിലാസവും :
7. നിക്ഷേപ തീയതി :
8. നിക്ഷേപ തുക :
9. നിക്ഷേപ രീതി :
10. ഹാജരാക്കിയ രേഖകൾ :
11. മറ്റ് വിവരങ്ങൾ :

സ്ഥലം : ഒപ്പ്
തീയതി :

കേരള പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡ് (ഓഫീസ് ഉപയോഗത്തിന്)

ശ്രീ/ശ്രീമതി ………………………………യിൽ നിന്നും …………………… തീയതിയിൽ നിക്ഷേപം കൈപ്പറ്റിയിട്ടുണ്ട്.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

കുറിപ്പ് – ആവശ്യമായതു മാത്രം എഴുതുക
*പ്രവാസി തൊഴിലാളികൾക്കായി തൊഴിൽ ഉടമ/സംരംഭകർ നിക്ഷേപം നടത്തുമ്പോൾ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2019-ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി

ഫാറം നമ്പർ 2
(ഖണ്ഡിക 3(8) കാണുക)
നോമിനി മാറ്റത്തിനുള്ള അപേക്ഷ ഫാറം

ഒരു കളർ ഫോട്ടോ പതിക്കുക (3.5 cm x 3.5 cm)

1. നിക്ഷേപകന്റെ പേര് :
2. നിക്ഷേപ തീയതി :
3. നിക്ഷേപ തുക :
4. ഫോൺ നമ്പർ, ഇമെയിൽ :
5. നിലവിലെ നോമിനിയുടെ പേര് :
6. നോമിനിയുടെ പേരും വിലാസവും :
7. മറ്റ് വിവരങ്ങൾ :

സ്ഥലം : ഒപ്പ്

തീയതി :

കേരള പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡ് (ഓഫീസ് ഉപയോഗത്തിന്)

അപേക്ഷ …………..…..……………. തീയതിയിൽ ……………………………….. കൈപ്പറ്റിയിട്ടുണ്ട്.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2019-ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി

ഫാറം നമ്പർ 3
(ഖണ്ഡിക 5(3) കാണുക)
നിക്ഷേപം തിരികെ ലഭിക്കുന്നതിനുള്ള അപേക്ഷ ഫാറം

ഒരു കളർ ഫോട്ടോ പതിക്കുക
(3.5 cm x 3.5 cm)

1. പേര് :
2. മരണപ്പെട്ട അംഗം/ ഗുണഭോക്താവിന്റെ പേര് :
3. നിക്ഷേപ നമ്പർ :
4. മരണത്തീയതി :
5. ഹാജരാക്കിയ രേഖകൾ :
6. ബാങ്ക് അക്കൗണ്ട് വിവരങ്ങൾ :
7. മറ്റ് വിവരങ്ങൾ :

സ്ഥലം : ഒപ്പ്

തീയതി :

കേരള പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡ് (ഓഫീസ് ഉപയോഗത്തിന്)

അപേക്ഷ ……………..……………… തീയതിയിൽ ……………………………….. കൈപ്പറ്റിയിട്ടുണ്ട്.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ.വാസുകി കെ ഐ എ എസ്,

സെക്രട്ടറി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ആക്റ്റ് (2019-ലെ 22) പ്രകാരം 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിൽ (2009-ലെ 10-ാം ആക്റ്റ്) പുതുതായി കൂട്ടിച്ചേർക്കപ്പെട്ട 8 എ വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി രൂപീകരിക്കുന്നതിനായി 2019 സെപ്റ്റംബർ 2-ാം തീയതിയിലെ സ.ഉ.(കൈ.)12/2019/നോർക്ക നമ്പരായി പുറപ്പെടുവിച്ചതും 2019 സെപ്റ്റംബർ 19-ാം തീയതിയിലെ 2187-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 650/2019 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2019-ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി, കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2021-23) സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കി, ഒൻപതാമത് സമിതി റിപ്പോർട്ടിൽ ഭേദഗതികൾ നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ സർക്കാർ വിശദമായി പരിശോധിക്കുകയും ആയത് നടപ്പിൽ വരുത്തുന്നതിനുമായി 2019-ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2024.08.07 03:24:57 +05:30

©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 13 Vol. XIII	**തിരുവനന്തപുരം, ബുധൻ** Thiruvananthapuram, Wednesday	**2024 ആഗസ്റ്റ് 07** 07th August 2024 **1199 കർക്കടകം 23** 23rd Karkadakam 1199 **1946 ശ്രാവണം 16** 16th Sravana 1946	**നമ്പർ** No.	**2571**

കേരള സർക്കാർ

<u>കേരളീയ പ്രവാസികാര്യ (എ) വകുപ്പ്</u>

വിജ്ഞാപനം

സ.ഉ.(അച്ചടി)നം.2/2024/നോർക്ക. തീയതി, തിരുവനന്തപുരം, 2024 ആഗസ്റ്റ് 06

എസ്. ആർ. ഒ. നമ്പർ 687/2024 *1199 കർക്കടകം 22*

2019-ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയിലെ 1-ാം ഖണ്ഡിക (2)-ാം ഉപഖണ്ഡിക പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ, 2019 ഡിസംബർ 6-ാം തീയതിയിലെ സ.ഉ.(കൈ.)21/2019/നോർക്ക നമ്പരായി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പുറപ്പെടുവിച്ചതും 2019 ഡിസംബർ 16–ാം തീയതിയിലെ 3105–ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 976/2019 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനം താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുന്നു, അതായത്:–

ഭേദഗതി

പ്രസ്തുത വിജ്ഞാപനത്തിലെ,–

(1) "2019–ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയിലെ 1–ാം ഖണ്ഡിക 2–ാം ഉപഖണ്ഡിക" എന്നീ അക്കങ്ങൾക്കും വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "2019 സെപ്റ്റംബർ 2–ാം തീയതിയിലെ സ.ഉ.(കൈ.)നമ്പർ 12/2019/നോർക്ക നമ്പറായി പുറപ്പെടുവിച്ചതും 2019 സെപ്റ്റംബർ 19–ാം തീയതിയിലെ 2187–ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 650/2019 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2019–ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയിലെ 1–ാം ഖണ്ഡിക (2)–ാം ഉപഖണ്ഡിക" എന്നീ അക്കങ്ങളും വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്;

(2) "പ്രവാസി ഡിവിഡന്റ് പദ്ധതി" എന്നീ വാക്കുകൾക്ക് പകരം "പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഡോ.വാസുകി കെ ഐ എ എസ്,

സെക്രട്ടറി.

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2019 ഡിസംബർ 6–ാം തീയതിയിലെ സ.ഉ.(കൈ.) 21/2019/നോർക്ക നമ്പരായി പുറപ്പെടുവിച്ചതും 2019 ഡിസംബർ 16–ാം തീയതിയിലെ 3105–ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 976/2019 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2019–ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി പ്രാബല്യത്തിൽ കൊണ്ടുവന്ന വിജ്ഞാപനം കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2021–23) സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കി. സമിതിയുടെ ഒൻപതാമത് റിപ്പോർട്ടിൽ നിർദ്ദേശിച്ച

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഭേദഗതിക്ക് അനുസൃതമായി പ്രസ്തുത നിർദ്ദേശം നടപ്പിൽ വരുത്തുന്നതിനായി മേൽപ്പറഞ്ഞ വിജ്ഞാപനം ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2024.08.07 03:26:55 +05:30

©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 13 Vol. XIII	തിരുവനന്തപുരം, ബുധൻ Thiruvananthapuram, Wednesday	2024 ആഗസ്റ്റ് 07 07th August 2024 1199 കർക്കടകം 23 23rd Karkadakam 1199 1946 ശ്രാവണം 16 16th Sravana 1946	നമ്പർ No.	2572

കേരള സർക്കാർ

<u>കേരളീയ പ്രവാസികാര്യ (എ) വകുപ്പ്</u>

തിരുത്തൽ വിജ്ഞാപനം

സ.ഉ.(അച്ചടി)നം.3/2024/നോർക്ക. തീയതി, തിരുവനന്തപുരം, 2024 ആഗസ്റ്റ് 06

എസ്. ആർ. ഒ. നമ്പർ 688/2024 *1199 കർക്കടകം 22*

2019 സെപ്റ്റംബർ 2–ാം തീയതിയിലെ സ.ഉ.(കൈ.)12/2019/നോർക്ക നമ്പരായി പുറപ്പെടുവിച്ചതും 2019 സെപ്റ്റംബർ 19–ാം തീയതിയിലെ 2187–ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 650/2019 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2019–ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയിലെ,–

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(1) പീഠികയിലെ "ആക്ടിലെ" എന്നത് "ആക്റ്റിലെ" എന്നും "10–ാം ആക്ട് " എന്നത് "10–ാം ആക്റ്റ് " എന്നും വായിക്കേണ്ടതാണ്.

(2) 2–ാം ഖണ്ഡികയിലെ,–

(എ) (1)–ാം ഉപഖണ്ഡികയിലെ,–

(i) ഖണ്ഡം (എ)–ലെ "ആക്ട്" എന്നത് "ആക്റ്റ്" എന്നും "ക്ഷേമ ആക്ട്" എന്നത് "ക്ഷേമ ആക്റ്റ്" എന്നും വായിക്കേണ്ടതാണ് ;

(ii) ഖണ്ഡം (സി)–ലെ "ആക്ടിലെ" എന്നത് "ആക്റ്റിലെ" എന്ന് വായിക്കേണ്ടതാണ്.

(ബി) (2)–ാം ഉപഖണ്ഡികയിലെ "പക്ഷെ" എന്നത് "പക്ഷേ" എന്നും "ആക്ടിലും" എന്നത് "ആക്റ്റിലും" എന്നും വായിക്കേണ്ടതാണ്.

(3) 3–ാം ഖണ്ഡികയിലെ മാർജിനൽ ശീർഷകത്തിൽ, "ബാധകമാകുമെന്ന്" എന്നത് "ബാധകം" എന്ന് വായിക്കേണ്ടതാണ്.

(4) 8–ാം ഖണ്ഡികയിലെ,–

(എ) (2)–ാം ഉപഖണ്ഡികയിലെ "അവർക്കുള് ള" എന്നത് "അവർക്കുള്ള" എന്നും "ബഡ്ജറ്റ് " എന്നത് "ബജറ്റ്" എന്നും "മാറ്റിവെയ്ക്കുവാൻ" എന്നത് "മാറ്റിവയ്ക്കുവാൻ" എന്നും വായിക്കേണ്ടതാണ്.

(ബി) (3)–ാം ഉപഖണ്ഡികയിലെ "5–ാം ഖണ്ഡത്തിന്റെ (3)–ാം ഉപഖണ്ഡ" എന്നത് "5–ാം ഖണ്ഡികയുടെ (3)–ാം ഉപഖണ്ഡിക" എന്ന് വായിക്കേണ്ടതാണ്.

(സി) (4)–ാം ഉപഖണ്ഡികയിലെ "സ്വീകരിക്കുന് ന" എന്നത് "സ്വീകരിക്കുന്ന" എന്ന് വായിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഡോ.വാസുകി കെ ഐ എ എസ്,

സെക്രട്ടറി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ആക്റ്റ് (2019-ലെ 22) പ്രകാരം 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിൽ (2009-ലെ 10-ാം ആക്റ്റ്) പുതുതായി കൂട്ടിച്ചേർക്കപ്പെട്ട 8എ വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി രൂപീകരിക്കുന്നതിനായി 2019 സെപ്റ്റംബർ 2-ാം തീയതിയിലെ സ.ഉ.(കൈ.) 12/2019/നോർക്ക നമ്പരായി പുറപ്പെടുവിച്ചതും 2019 സെപ്റ്റംബർ 19-ാം തീയതിയിലെ 2187-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 650/2019 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2019-ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2021-23) സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുകയും പ്രസ്തുത സമിതിയുടെ ഒൻപതാമത് റിപ്പോർട്ടിൽ ചില തിരുത്തലുകൾ വരുത്തുന്നതിന് നിർദ്ദേശിക്കുകയുമുണ്ടായി. സമിതിയുടെ പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനായി 2019-ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയിൽ പ്രസ്തുത തിരുത്തലുകൾ വരുത്തുന്നതിനായി ഒരു തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2024.08.07 03:31:01 +05:30